# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 3126 28.01.2014 ൽ മറുപടിക്ക്**

## മരാമത്ത് പണികൾക്ക് കേന്ദ്ര പൊതുമരാമത്ത് മാന്വൽ ബാധകമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ കേന്ദ്ര പൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇപ്രകാരം ചെയ്യുമ്പോഴുണ്ടാകുന്ന മെച്ചം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ പൊതുമരാത്തു ജോലി കേന്ദ്രപൊതുമരാമത്തു മാന്വലിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടില്ല ഇവിടത്തെ ജോലികൾ പരിഷ്കരിച്ച കേരള പൊതുമരാത്ത് മാന്വൽ പ്രകാരം തന്നെയാണ് ചെയ്യുന്നത്. കേന്ദ്ര പൊതുമരാമത്തു ഡാറ്റയും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | 2013 ഒക്ടോബറിന് മുമ്പ് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ജോലിക്ക് നിർദ്ദേശം നൽകിയിരുന്ന കേസുകളിൽ കേന്ദ്രപൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ രണ്ടാമതായി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിലൂടെ എത്ര തുക അധികമായി ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ ; | (ബി) | ഇല്ല. 01/10/2013 ന് ശേഷം ഭരണാനുമതിയ്ക്ക് സമർപ്പിക്കുന്ന പ്രവൃത്തി കൾക്ക മാത്രമാണ് കേന്ദ്രപൊതുമരാമത്ത് ഷെഡ്യൂൾ നിരക്കിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മണ്ഡലങ്ങളിൽ ചെയ്യുന്ന പൊതുമരാമത്ത് ജോലികൾക്ക് മുമ്പ് നൽകിയിരുന്ന തുകയേക്കാൾ കൂടുതൽ എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ഉണ്ടാകുന്നതിനാൽ ഇപ്രകാരം അധികമായി വേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിക്കുമോ ; ഇപ്രകാരം എസ്റ്റിമേറ്റ് അടക്കമുള്ള ജോലികൾ വീണ്ടും ചെയ്യേണ്ടി വരുന്നതിനാൽ | (സി) | ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ മുമ്പ് അനുഭവപ്പെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നൽകിയിട്ടുണ്ട്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകൾക്ക് ഭരണാനുമതി ലഭിച്ച തുകക്കുതന്നെയാണ് ടെണ്ടർ വിളിക്കുന്നത് എസ്റ്റിമേറ്റ് പുതുക്കി നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുമില്ല. അതിനുവേണ്ടി കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. |

ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് എത്രയുംവേഗം പരിഹരിക്കുവാനും ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് അടിയന്തിരമായി ഭരണാനുമതി നല്കി ജോലി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ